റീഹാബിലിറേഷൻ ഹൗസിംഗ് സ്കീമിൽ ഈ രണ്ടു കുടുംബങ്ങൾക്ക് വീടുവച്ചുകൊടുക്കാനുള്ള തീരുമാനമെടുക്കുകയും അതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവർ ആവശ്യപ്പെടുന്നത് മാങ്കുളം പ്രദേശത്ത് ഭൂമി കിട്ടണമെന്നാണ്. മാങ്കുളം പ്രദേശത്ത് ഭൂമി കൊടുക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. കാരണം ഹൈക്കോടതിയിൽ നിന്ന് അതിനെ സംബന്ധിച്ച് ഒരു സ്റ്റേ ഉണ്ടായിട്ടുണ്ട്. അന്ന് മലയിടിച്ചിൽ ഉണ്ടായതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും മന്ത്രിമാരും സ്ഥലം സന്ദർശിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തതാണ്. ഈ കുടുംബങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

21. വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനു നൽകുന്ന സാമ്പത്തിക സഹായം

ശ്രീ. സി. ടി. കൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തുള്ള വിധവകളുടെ പെൺകുട്ടികളുടെ കല്ല്യാണത്തിന് ആയിരം രൂപ വീതം സർക്കാരിൽ നിന്ന് സഹായം കൊടുക്കുന്നുണ്ട്. പക്ഷേ 18 വയസ്സ് പൂർത്തിയായി എന്ന സർട്ടിഫിക്കറ് ഉണ്ടെങ്കിലേ വിവാഹം നടത്താനും ആനുകൂല്യം ലഭിക്കാനും കഴിയൂ. പല ആളുകളും ജനനത്തീയതിയും പേരും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല. ഹരിജനങ്ങളും പിന്നോക്കവിഭാഗക്കാരും വിദ്യാഭ്യാസമില്ലാത്തവരും ഇരുപത് കൊല്ലത്തിനു മുൻപ് രജിസ്റ്റർ ചെയ്തിട്ടില്ല എന്നുള്ളതിന്റെ പേരിൽ സർട്ടിഫിക്കറ് ആവശ്യപ്പെട്ടാൽ ഇപ്പോഴും കൊടുക്കുന്നില്ല. ഡോക്ടറാണ് വയസ്സ് പൂർത്തിയായി എന്നു പറഞ്ഞ് സർട്ടിഫിക്കറ് കൊടുക്കേണ്ടത്. ഡോക്ടറുടെ സർട്ടിഫിക്കറ് കിട്ടണമെങ്കിൽ പഞ്ചായത്തിൽ അവരുടെ പേര് രജിസ്റ്റർ ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ് കൊടുക്കണം. പക്ഷേ എക്സിക്യൂട്ടീവ് ഓഫീസർമാർ ഇപ്പോഴും ആ സർട്ടിഫിക്കറ് കൊടുക്കുന്നില്ല. ആ സർട്ടിഫിക്കറ് കൊടുക്കാത്തതുകൊണ്ട് വിധവകളുടെ പെൺകുട്ടികൾക്ക് കല്ല്യാണത്തിനുള്ള ആയിരം രൂപ കിട്ടുന്നില്ല. സർക്കാരിൽനിന്ന് അത് കൊടുക്കരുതെന്നു ഓർഡർ ഉണ്ടെന്നാണ് എക്സിക്യൂട്ടീവ് ഓഫീസർമാർ പറയുന്നു. അങ്ങനെയുണ്ടെങ്കിൽ അത് തിരുത്തി അടിയന്തിരമായി സർട്ടിഫിക്കറ് കൊടുക്കാൻ നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം): Registration of Births and Deaths, 1970 rule, Section 5 (2):—The information referred in sub-rule (i) shall be given within 14 days from the date of birth or still birth and within 7 days from the date of death. സാധാരണ ജനനവും മരണവും രജിസ്റ്റർ ചെയ്യാൻ ആളുകൾ വിട്ടുപോകുന്നതുകൊണ്ട് ബർത്തു സർട്ടിഫിക്കറ് കൊടുക്കാൻ സ്വാധ്യമല്ലാത്ത സാഹചര്യമാണ് പൊതുവേ കാണുന്നത്. വിധവകളുടെ മക്കൾക്ക് വിവാഹത്തിന് ധനസഹായം കിട്ടുന്നതിന് ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ് ആവശ്യമാണ്. അത് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ആയതിലേക്ക് രജിസ്റ്റർ ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ് കൊടുക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly